# ഇത് 'സ്വാതന്ത്ര്യ'ത്തിന്റെ ലൈബ്രറികൾ



...മാറും സുരേന്ദ്രൻ ചെറുകോടനും കുസാറ്റിലെ ഡിജിറ്റൽ ലൈബ്രറിയിൽ

**കൊച്ചി:** സ്വാതന്ത്ര്യത്തിന്റെ ആനന്ദത്തിലാണ് കൊച്ചി സർവകലാശാലയിലെ ലൈബ്രറി. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സർവകലാശാലയിലെ ലൈബ്രറികളെ അടിമുടി പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണിവിടെ. ഡിജിറ്റൽ ലൈബ്രറിക്കായി 'ഡിസ്‌പേസ്' എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറും ഓൺലൈൻ കാറ്റ്‌ലോഗിനായി 'കോഹ' എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറുമാണ് ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നത്.

വിലകൂടിയ സോഫ്റ്റ്‌വെയറുകളെ ആശ്രയിക്കാതെ 'ഡിസ്‌പേസ്' എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറിനെയാണ് സർവകലാശാല ഡിജിറ്റൽ ലൈബ്രറിക്കായി ഉപയോഗിച്ചിരിക്കുന്നത്. എം.ഐ.ടി. ലൈബ്രറിയും എച്ച്.പി. ലാബും സംയുക്തമായി വികസിപ്പിച്ചെടുത്ത സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് ഡിസ്‌പേസ്.dspace.cusat.ac.in എന്ന് ടൈപ്പ് ചെയ്താൽ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ചു നിർമിച്ച കുസാറ്റിന്റെ വിജ്ഞാന ശേഖരത്തിലെത്താം. ഈ ഡിജിറ്റൽ ശേഖരം ഗൂഗിൾ വഴി പെട്ടെന്ന് സെർച്ച് ചെയ്യാവുന്നതാണ്.

അധ്യാപകർ എഴുതിയ പഠനപ്രബന്ധങ്ങൾ, സെമിനാർ, റിപ്പോർട്ടുകൾ, വാർത്തകൾ, സിലബസ്, ചോദ്യപേപ്പറുകൾ തുടങ്ങി 2000ത്തിലധികം ഡിജിറ്റൽ വിജ്ഞാന ശേഖരമാണ് ഇതിലുള്ള. കുസാറ്റ് പ്രവേശന പരീക്ഷയുടെ (സി.എ.ടി.) മുൻവർഷ ചോദ്യപേപ്പറുകൾ.

കുസാറ്റുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മുഴുവൻ വിദ്യാർഥികൾക്കും ഇതിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. പത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾക്ക് പ്രത്യേക വിഭാഗവും ഡിജിറ്റൽ ലൈബ്രറിയിലുണ്ട്.

കേരളത്തിലെ മറ്റ് കോളേജുകൾക്കും സർവകലാശാലകൾക്കും ഡിജിറ്റൽ ലൈബ്രറി നിർമാണത്തിനുള്ള സഹായങ്ങൾ ചെയ്യാൻ തയ്യാറാണെന്ന് കമ്പ്യൂട്ടർ സയൻസ് അധ്യാപകനും കുസാറ്റ് ഡിജിറ്റൽ ലൈബ്രറിയുടെ മുഖ്യശില്പിയുമായ ജി. സന്തോഷ്കുമാർ പറഞ്ഞു. ലോകത്താകമാനം സർവകലാശാലകൾ 'ഡിസ്‌പേസ്' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റൽ ശേഖരങ്ങൾ നിർമിച്ചിട്ടുണ്ട്. കേംബ്രിഡ്ജ് സർവകലാശാലയുടെ ശേഖരത്തിൽ രണ്ട് ലക്ഷത്തിൽപരം ഡോക്യുമെന്റുകൾ ഉണ്ടെന്നും സന്തോഷ്കുമാർ പറയുന്നു.

ലൈബ്രറി വിഭാഗം കൈകാര്യം ചെയ്യുന്നത് കുസാറ്റിലെ എൻജിനീയറിങ് വിഭാഗം ജൂനിയർ ലൈബ്രേറിയനായ സുരേന്ദ്രൻ ചെറുകോടനാണ്. രണ്ടു മാസത്തിനുള്ളിൽ 53 രാജ്യങ്ങളിൽ നിന്ന് നാലായിരത്തിൽപരം പേർ കുസാറ്റ് ഡിജിറ്റൽ ലൈബ്രറി സന്ദർശിച്ചിട്ടുണ്ട്. കുസാറ്റിലെ വകുപ്പുതല ലൈബ്രറികളിൽ കമ്പ്യൂട്ടർവത്ക്കരണത്തിന് ഉപയോഗിച്ചിരിക്കുന്നത് 'കോഹ' എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് 50,000 മുതൽ അഞ്ചുലക്ഷം രൂപ വരെയുള്ള ലൈബ്രറി സോഫ്റ്റ്‌വെയറുകൾ ലഭ്യമായ സാഹചര്യത്തിലാണ് ഈ സ്വതന്ത്രസോഫ്റ്റ്‌വെയറിനെ ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

ഓൺലൈൻ കാറ്റലോഗിന് വേണ്ടിയും പുസ്തകങ്ങൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ബുക്ക് ചെയ്യുന്നതിനുമാണ് ഈ സോഫ്റ്റ്‌വെയർ ലൈബ്രറികളിൽ പ്രവർത്തിക്കുന്നത്. കുസാറ്റ് ലൈബ്രറികൾ ഏറെക്കുറെ 'കോഹ' സോഫ്റ്റ്‌വെയറിലേക്ക് മാറി തുടങ്ങിയതായി സുരേന്ദ്രൻ ചെറുകോടൻ പറഞ്ഞു. കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിന്റെ ലൈബ്രറി cslibrary.cusat.ac.inൽ ഓൺലൈനായി ലഭിക്കും. മറ്റ് വിഭാഗത്തിലുള്ള ലൈബ്രറികളും ഇത്തരത്തിൽ ഓൺലൈനാക്കാനുള്ള ശ്രമത്തിലാണെന്നും സുരേന്ദ്രൻ ചെറുകോടൻ പറഞ്ഞു.

സർവകലാശാലയുടെ പരീക്ഷ ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലും സ്വാതന്ത്ര്യ സോഫ്റ്റ്‌വെർ ഉപയോഗിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് കുസാറ്റ് രജിസ്ട്രാർ ചന്ദ്രമോഹനകുമാർ പറഞ്ഞു. ഭാവിയിൽ കുസാറ്റിനെ നോളജ്ഹബ്ബ് ആക്കി മാറ്റാനാണ് ഉദ്ദേശ്യമെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു.

**- ശ്രീരാജ് ഓണക്കൂർ**

Cusat Digital Library Service http://dspace.cusat.ac.in

മാതൃഭൂമി (നഗരം) 27-6-2009